സ്വകാര്യ മേഖലയിൽ ടൂറിസം പദ്ധതികൾ

63 [6029] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ എൻ. രാജൻ:
„ മാങ്കോട് രാധാകൃഷ്ണൻ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ മേഖലയിൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

മുടക്കുമുതലിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകും. ഇലക്ട്രിസിറ്റി താരിഫ് ഇളവ്, മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള ഇളവ്, വിദേശ നിക്ഷേപകർക്ക് പ്രത്യേക പാക്കേജ്, 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുന്നവർക്ക് പ്രത്യേക പാക്കേജ് എന്നീ ഇനങ്ങളിൽ സർക്കാർ സഹായങ്ങൾ നൽകുന്നുണ്ട്.

കായൽ തീരങ്ങളെ ആകർഷകമാക്കുന്നതിനും കായലുകളെ മലിനമുക്തമാക്കുന്നതിനും നടപടി

64 [6030] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ വർക്കല കഹാർ:
„ എൻ. ഡി. അപ്പച്ചൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസം അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി കായൽത്തീരങ്ങളെ ആകർഷകമാക്കുന്നതിനും കായലുകളെ മാലിന്യമുക്തമാക്കുന്നതിനും എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) ഈ ഉദ്ദേശ്യത്തോടുകൂടി എന്തെങ്കിലും വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം ശുപാർശകളാണ് ലഭിച്ചിട്ടുള്ളത്;

(ഡി) ഇതു സംബന്ധിച്ച് പഠനം നടത്താത്തപക്ഷം അക്കാര്യത്തിൽ ഒരു വിദഗ്ദ്ധ പഠനത്തിന് ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ ഇപ്പോൾ ഒരു പഠനം നടന്നുവരുന്നു.

(സി, ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly